# KERALA POLICE INFORMATION CENTRE

No.34/PR/PIC/PHQ/10 Date : 26/05/10

## എൻജിനീയറിംഗ് ഓപ്ഷൻ തിരിമറി – യുവതി അറസ്റ്റിൽ

2008 എൻജിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ 1757–ാം റാങ്ക് ലഭിച്ച കോട്ടയം വെള്ളാലിപ്പള്ളി രാമപുരം കല്ലാട്ടുവീട്ടിൽ തോമസ് മകൾ ഗീതുവിന് അവർ ഓപ്റ്റ് ചെയ്യാത്ത കോഴിക്കോട് ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിൽ അഡ്മിഷൻ ലഭിച്ചതിനെതിരെ അവർ ഡി. ജി. പിയ്ക്ക് പരാതി സമർപ്പിക്കുകയുണ്ടായി. തുടർന്ന് ഇതിലേക്ക് തമ്പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം 391/2008, U/S 420 IPC r/w Sec. 66 of IT Act 2000 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം സൈബർ പോലീസ് സ്റ്റേഷന് കൈമാറുകയും ചെയ്തു. സൈബർ പോലീസ് നടത്തിയ അന്വേഷണത്തിൽ ഇടുക്കി അടിമാലി, ചാറ്റുപാറ, പള്ളത്തുകുടി വീട്ടിൽ ബാബു കുര്യാക്കോസിന്റെ വീട്ടിലെ കമ്പ്യൂട്ടറിൽ നിന്നാണ് ഓപ്ഷൻ മാറ്റം വരുത്തിയത് എന്ന് കണ്ടുപിടിക്കുകയും തുടർന്ന് കമ്പ്യൂട്ടർ സിസ്റ്റം സീൽ ചെയ്ത് FSL ൽ അയച്ച് പരിശോധിക്കുകയും അന്വേഷണത്തിൽ ഓപ്ഷൻ മാറ്റിയത് ബാബു കുര്യാക്കോസിന്റെ മകൾ റിനു പി. ബാബു (22) ആണെന്ന് കണ്ടെത്തുകയും റിനുവിനെ ഇന്ന് (26.05.2010) സൈബർ പോലീസ് സ്റ്റേഷൻ DySP ജെ. സുകുമാരപിള്ള അറസ്റ്റ് ചെയ്യുകയും ചെയ്തു. അന്വേഷണസംഘത്തിൽ CI ശ്രീ. വി. കെ. അജിത് മോഹൻ, ASI ശ്രീ. വി. എസ്. സുരേന്ദ്രൻ നായർ എന്നിവർ ഉണ്ടായിരുന്നു.

The contents of this document may be deemed to be based on received information which is subject to further verification